**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 836** **12-06-2024 - ൽ മറുപടിയ്ക്ക്**

**അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ പട്ടികജാതി കോളനികളിലെ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പേരാമ്പ്ര മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ പട്ടികജാതി കോളനികളിൽ നിലവിൽ പ്രവൃത്തി പൂർത്തിയായവ ഏതൊക്കെയാണ്; വിശദാംശം ലഭ്യമാക്കാമോ; | (എ) | പേരാമ്പ്ര മണ്ഡലത്തിൽ നിന്നും 2016-17 വർഷത്തിൽ നരിമഞ്ചിക്കൽ, മൊയോറക്കുന്ന് എന്നീ രണ്ടു സങ്കേതങ്ങളും 2019-20 സാമ്പത്തിക വർഷത്തിൽ വലിയപ്പറമ്പ് സങ്കേതവും 2020-21 ൽ കുണ്ടുതറ സങ്കേതവും 2022-23 ൽ ചെറിയപ്പറമ്പ് സങ്കേതവും അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ നരിമഞ്ചിക്കൽ, മൊയോറക്കുന്ന് എന്നീ സങ്കേതങ്ങളുടെ പ്രവർത്തികൾ പൂർത്തീകരിച്ചു. |
| (ബി) | അംബേദ്കർ ഗ്രാമം പദ്ധതി ആരംഭിച്ചതു മുതൽ നാളിതുവരെ പേരാമ്പ്ര മണ്ഡലത്തിൽ പ്രസ്തുത പദ്ധതിക്കായി ചിലവഴിച്ച തുക എത്രയെന്ന് അറിയിക്കാമോ; | (ബി) | 1,58,54,236 /- രൂപ (ഒരു കോടി അമ്പത്തിയെട്ടു ലക്ഷത്തി അമ്പത്തിനാലായിരത്തി ഇരുനൂറ്റി മുപ്പത്തിയാറ്) ആകെ ചെലവഴിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയിൻകീഴിൽ പേരാമ്പ്ര മണ്ഡലത്തിൽ നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ ഏതൊക്കെയാണ്; വിശദാംശം ലഭ്യമാക്കാമോ? | (സി) | വലിയപ്പറമ്പ് സങ്കേതത്തിന്റെ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. കുണ്ടുതറ സങ്കേതത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. ചെറിയപ്പറമ്പ് സങ്കേതത്തിന്റെ എസ്റ്റിമേറ്റ് അംഗീകരിയ്ക്കുന്നതിനുള്ള നടപടി പൂർത്തീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ